Mathrubhumi 31-10-18, P-06

# പച്ചക്കറി-ഫലവർഗ തൈ ഉത്പാദനം പഠിക്കാം

അറിയാൻ

പച്ചക്കറി-ഫലവർഗ തൈ ഉത്പാദനത്തിൽ വിദഗ്ധ സംരംഭകരെ വാർത്തെടുക്കാൻ സി.എം.എഫ്.ആർ.ഐ.യുടെ എറണാകുളം ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം ഒരു മാസത്തെ പരിശീലന കോഴ്സ് നടത്തുന്നു. ഭാരതീയ കാർഷിക നൈപുണ്യ വികസന കൗൺസിലിൻെറ അംഗീകാരത്തോടെയാണ് നവംബർ 12 മുതൽ ഡിസംബർ ഏഴുവരെ നടക്കുന്ന സൗജന്യകോഴ്സ്. തൈയുത്പാദനത്തിൽ ജില്ലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതോടൊപ്പം യുവതീ യുവാക്കൾക്ക് വരുമാനമാർഗം ഉറപ്പാക്കുന്ന ഒരു സംരംഭമായും ഇതിനെ വളർത്തിയെടുക്കുന്നതും കോഴ്സ് ലക്ഷ്യമിടുന്നു. തൈയുത്പാദനം, ഗുണമേന്മയുള്ള ഇനങ്ങളുടെ തിരഞ്ഞെടുക്കൽ, കട്ടിങ്, ബഡിങ്, ഗ്രാഫ്റ്റിങ്, ലെയറിങ്, ഗാർഡൻ ഡിസൈനിങ്, ടർഫിങ്, ഗ്രീൻ ഹൗസുകളിലെ തൈയുത്പാദനം, കുറ്റിക്കുരുമുളക് തൈ ഉത്പാദനം, വെജിറ്റബിൾ ഗ്രാഫ്റ്റിങ് ടെക്നോളജി എന്നീ വിഷയങ്ങൾക്ക് പുറമേ വിപണന കച്ചവട തന്ത്രങ്ങൾ തുടങ്ങിയ മേഖലയിലും പരിശീലനം നൽകും. മേഖലയിലുള്ള താത്പര്യവും പരിചയവും ആണ് യോഗ്യത. അഭിമുഖമുണ്ടാവും. അവസാനതീയതി നവംബർഏഴ്. വിവരങ്ങൾക്ക് ഫോൺ: 8281757450



## കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്

അമ്പലവയൽ കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ 100 രൂപ നിരക്കിലും കരിങ്കോഴിക്കുഞ്ഞുങ്ങൾ 200 രൂപ നിരക്കിലും നവംബർ അഞ്ചുവരെ ലഭിക്കും. വിവരങ്ങൾക്ക് :04936 260411

